1. ഇ.ബി. XIII-കേരള നിയമസഭ/XI-8

# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

# നിയമസഭാ നടപടികൾ- സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

**2014 ജൂൺ 18, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അടിയന്തരപ്രമേയം

### കായൽ കയ്യേറി ഫ്ലാറ്റ് നിർമ്മാണം

മി.സ്പീക്കർ: കൊച്ചിയിലെ ചിലവന്നൂർ കായൽ കയ്യേറിയുള്ള ഡി.എൽ.എഫ്-ന്റെ അനധികൃത ഫ്ലാറ്റ് നിർമ്മാണം മൂന്നംഗ വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിക്കാൻ തീരദേശ പരിപാലന അതോറിറ്റി എടുത്ത തീരുമാനം

പരിസ്ഥിതിവകുപ്പ് അട്ടിമറിച്ചതായി പറയപ്പെടുന്നതിനെത്തുടർന്ന് സംജാതമായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. ശ്രീരാമകൃഷ്ണൻ, വി.എസ്. സുനിൽകുമാർ, സി.കെ. നാണു, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഈ വിഷയം സംബന്ധിച്ച് ശ്രീ. ടി.എൻ. പ്രതാപനും കത്ത് നൽകിയിരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഫ്ലാറ്റ് നിർമ്മാണത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് റദ്ദാക്കുകയും ഈ വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിനായി ചീഫ് സെക്രട്ടറിയെ നിയോഗിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: കൊച്ചിയിലെ ചിലവന്നൂർ കായലിൽ വലിയ കയ്യേറ്റങ്ങൾ നടന്നിട്ടുണ്ടെന്നും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി കൊടുക്കരുതെന്നുമുള്ള തീരദേശ പരിപാലന അതോറിറ്റിയുടെ തീരുമാനത്തെ അട്ടിമറിച്ചുകൊണ്ട് സംസ്ഥാന പരിസ്ഥിതി വകുപ്പ് അഡീഷണൽ പ്രിൻസിപ്പൽ സെക്രട്ടറി കായൽ കയ്യേറിയുള്ള ഫ്ലാറ്റ് നിർമ്മാണത്തിന് അനുമതി

കൊടുക്കുകയുണ്ടായി. ഇത് സംബന്ധിച്ച് പരാതി ഉയർന്ന സാഹചര്യത്തിൽ തീരദേശ പരിപാലന അതോറിറ്റി ഈ തീരുമാനം തെറ്റാണെന്ന സമീപനം സ്വീകരിക്കുകയും ഇത് അന്വേഷിക്കാൻ മൂന്നംഗ വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തു. പ്രസ്തുത സമിതിയുടെ പരിശോധന തുടരുന്നതിനിടയിൽ ഇത്തരം ഒരു സമിതിയുടെ ആവശ്യമില്ലെന്നും സമിതിയെ പിൻവലിക്കണമെന്നും അടിയന്തരമായി നിർമ്മാണത്തിന് അനുമതി നൽകണമെന്നും പരിസ്ഥിതി വകുപ്പ് നിലപാട് എടുത്തതിന്റെ അടിസ്ഥാനത്തിൽ നിയമ ലംഘനം അന്വേഷിക്കുന്ന സമിതിയെ പിൻവലിക്കുന്ന കത്ത് തീരദേശ പരിപാലന അതോറിറ്റി ചെയർമാൻ നഗരസഭയ്ക്ക് കൊടുത്തു. പിറ്റേദിവസം തന്നെ നഗരസഭ നിർമ്മാണ അനുമതി കൊടുക്കുകയും ചെയ്തു. തീരപ്രദേശങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ റിപ്പെയർ ചെയ്യാൻപോലും അനുമതിയില്ലാത്ത സാഹചര്യത്തിൽ വൻകിടക്കാർക്ക് കായൽ കയ്യേറി ഫ്ലാറ്റ് സമുച്ചയങ്ങൾ പണിയുന്നതിന് അനുമതി കൊടുത്ത പരിസ്ഥിതി വകുപ്പിന്റെ തീരുമാനം സംബന്ധിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): ഡി.എൽ.എഫ് കമ്പനിയുടെ പ്രൊപ്പോസൽ 2008-ൽ വച്ചതാണ്. പരിസ്ഥിതി ക്ലിയറൻസ് കൊടുത്ത് കൺസ്ട്രക്ഷൻ ആരംഭിച്ചിട്ടും തീരദേശ പരിപാലന അതോറിറ്റിയുടെ അംഗീകാരം തേടിയില്ല. മത്സ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് സംരക്ഷണം കൊടുക്കും. തീരപ്രദേശം റിസോർട്ട് മാഫിയകളും വൻകിട കൺസ്ട്രക്ഷൻ കമ്പനികളും കയ്യടക്കുന്നത് അനുവദിച്ചുകൊടുക്കാൻ കഴിയുകയില്ല. തീരദേശപരിപാലന അതോറിറ്റി മൂന്ന് വിദഗ്ധരെ നിയോഗിച്ച് പരിശോധിക്കുന്നതിനെടുത്ത തീരുമാനം റദ്ദാക്കിയതിനെപ്പറ്റി നടപടി ഗവൺമെന്റ് അന്വേഷിക്കുന്നതാണ്. ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി അഞ്ച് ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്. അന്വേഷണ റിപ്പോർട്ട് വന്നാലുടൻ വിവരം സഭയെ അറിയിക്കുന്നതായിരിക്കും. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ഈ വിഷയം സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ തന്ന കത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് ക്യാൻസൽ ചെയ്ത് അന്വേഷണത്തിന് തീരുമാനമെടുക്കുകയായിരുന്നു. സി.ആർ.ഇസഡ്-ന്റെ

കാര്യത്തിൽ ചില പ്രശ്നങ്ങളുണ്ട്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വീടുകൾ റിപ്പെയർ ചെയ്യുന്നതിനോ നമ്പർ ലഭിക്കുന്നതിനോ സാധിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റ് തിരിച്ചയച്ചിരിക്കുന്ന ഭേദഗതികൾ പരിസ്ഥിതി സമിതി പരിശോധിച്ച് തീരുമാനമെടുക്കുന്നതോടൊപ്പം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ. വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

## (1) <u>അക്ഷയ, ഇ-ഡിസ്ട്രിക്ട് പദ്ധതികളുടെ നിർവ്വഹണ പ്രശ്നങ്ങൾ</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: വിവര സാങ്കേതിക വിദ്യയുടെ വിസ്മയകരമായ നേട്ടങ്ങൾ കേരള സമൂഹത്തിലെത്തിക്കുന്നതിനുവേണ്ടി നടപ്പാക്കിയ ഇ-ഡിസ്ട്രിക്ട്, അക്ഷയ പദ്ധതികൾ ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം

സ്തംഭനാവസ്ഥയിലാണ്. ജില്ലാതല ടെക്നിക്കൽ ഇഷ്യൂ സപ്പോർട്ടിംഗ് വിംഗ് കാര്യക്ഷമമായി പ്രവർത്തിക്കാത്തതും കൂടുതൽ എൻട്രികൾ വരുമ്പോൾ സിസ്റ്റം ഹാങ്ങാകുന്നതും ഇതിനുള്ള പ്രധാന കാരണങ്ങളാണ്. മണ്ണാർക്കാട് മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ പലതും നിർജ്ജീവാവസ്ഥയിലാണ്. ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ ചില വില്ലേജ് ഓഫീസർമാർ സമയബന്ധിതമായും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്നില്ലെന്ന പരാതി നിലവിലുണ്ട്. ഇ-ഡിസ്ട്രിക്ട് പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ജില്ലാ കളക്ടർമാർ ചെയർമാനായി രൂപീകരിച്ച ജില്ലാതല സമിതികൾ സമയബന്ധിതമായി ചേരുന്നില്ല. കൂടുതൽ ഡാറ്റാ ട്രാഫിക് കൈകാര്യം ചെയ്യാവുന്ന തരത്തിലുള്ള സർവ്വറുകളും സോഫ്റ്റ്വെയറുകളും ബാൻഡ്വിഡ്ത്തും സജ്ജമാക്കണം. അക്ഷയ കേന്ദ്രങ്ങൾ വഴിയുള്ള സേവന നിരക്ക് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുകയും എല്ലാവിധ സേവനങ്ങൾക്കും ഈടാക്കുന്ന നിരക്കുകൾ താലൂക്ക്-ജില്ലാ-പഞ്ചായത്ത് ഓഫീസുകളിൽ പ്രദർശിപ്പിക്കുകയും ചെയ്യണം. അക്ഷയയുടെ കീഴിൽ അടുത്തകാലത്ത് ആരംഭിച്ച കിയോസ്ക് ബാങ്കിംഗ് സംവിധാനത്തെക്കുറിച്ചുള്ള അവബോധം ജനങ്ങൾക്ക് ലഭ്യമാക്കണം. ഗവൺമെന്റ് മേഖലയിലെ എല്ലാ ഡാറ്റാ എൻട്രി, ഡിജിറ്റൈസിംഗ് വർക്കുകൾ അക്ഷയ കേന്ദ്രങ്ങൾക്ക് നൽകുന്നത് പരിഗണിക്കണം. അക്ഷയ

കേന്ദ്രങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണം. അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് പരിശീലനം നൽകണം. ഐ.ടി. പദ്ധതികൾക്കുള്ള കേന്ദ്ര സഹായം പ്രയോജനപ്പെടുത്തി കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി/ഇന്റർനെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തി അക്ഷയ കേന്ദ്രങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സജീവമായ ഇടപെടൽ നടത്തണം.

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കേരളത്തിന്റെ ഐ.ടി. സാക്ഷരത വർദ്ധിപ്പിക്കാൻവേണ്ടി സെൽഫ് എംപ്ലോയ്മെന്റ് പ്രോജക്ട് എന്ന നിലയിൽ ആരംഭിച്ച അക്ഷയ കേന്ദ്രങ്ങൾ ഇന്ന് നമ്മുടെ അഭിമാനമാണ്. അക്ഷയ കേന്ദ്രങ്ങളുടെ നടത്തിപ്പിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൂടുതൽ സർവ്വറുകളും സോഫ്റ്റ്‌വെയറുകളും സജ്ജമാക്കുന്നതിനും മണ്ണാർക്കാടുള്ള അക്ഷയ കേന്ദ്രങ്ങൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഇ-ഡിസ്ട്രിക്ട് പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ രൂപീകരിച്ച ജില്ലാതല സമിതികൾ കൃത്യമായി യോഗം ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്. വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നില്ലെന്ന പരാതി പരിഹരിക്കുന്നതിനും ജില്ലാ അടിസ്ഥാനത്തിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ

ആരംഭിക്കുന്നതിനും അക്ഷയ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (2) ദേശീയപാത 17-ന്റെ വികസനത്തിലെ അനിശ്ചിതാവസ്ഥ

ശ്രീ. റ്റി.വി. രാജേഷ്: തലപ്പാടി മുതൽ കുറ്റിപ്പുറം വരെ ഭൂമി ഏറ്റെടുത്ത് നൽകുന്നതിലുള്ള തടസ്സംമൂലം ദേശീയപാത വികസനത്തിൽ നിന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ പിന്മാറിയിരിക്കുകയാണ്. തലപ്പാടി മുതൽ വളപട്ടണം വരെയുള്ള ഒന്നാംഘട്ട റോഡ് വികസനത്തിനായി ട്രാൻസ്ട്രോയ് ഇൻഡ്യ ലിമിറ്റഡിനാണ് 1100 കോടി രൂപയുടെ നിർമ്മാണ കരാർ നിശ്ചയിച്ചു നൽകിയത്. ഒന്നാംഘട്ടത്തിൽ 303 ഹെക്ടറും രണ്ടാംഘട്ടത്തിൽ 257 ഹെക്ടർ ഭൂമിയുമാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. അതിന്റെ വിജ്ഞാപനം അന്തിമഘട്ടത്തിലായപ്പോഴാണ് നാഷണൽ ഹൈവേ അതോറിറ്റിയുടെ തീരുമാനമുണ്ടായിരിക്കുന്നത്. അതോടുകൂടി ദേശീയപാത വികസനം അവതാളത്തിലായിരിക്കുകയാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഓഫീസുകളുടെ പ്രവർത്തനവും നിർത്തലാക്കാൻ പോകുകയാണ്. ദേശീയപാത വികസനം സംസ്ഥാന സർക്കാർ ഏറ്റെടുത്താൽ കേന്ദ്രസഹായം

നഷ്ടമാകുമെന്ന ആശങ്ക നിലനിൽക്കുകയാണ്. നേരിട്ട് ഭൂമി വാങ്ങുന്നത് നിർത്തലാക്കുകയും പൊന്നുംവില സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തതുമൂലം ഭൂവുടമകൾക്ക് അർഹമായ വില ലഭിക്കാത്തതാണ് സ്ഥലമേറ്റെടുക്കലിന് തടസ്സമായി നിൽക്കുന്നത്. തദ്ദേശവാസികളെ വിശ്വാസത്തിലെടുത്തുകൊണ്ട് ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകിയും വീടും കച്ചവട സ്ഥാപനങ്ങളും നഷ്ടപ്പെടുന്നവർക്കായി പ്രത്യേക പുനരധിവാസ പാക്കേജ് നടപ്പാക്കിയും ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അനിശ്ചിതാവസ്ഥയ്ക്ക് അടിയന്തര പരിഹാരമുണ്ടാക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): എൻ.എച്ച്-17 നാല് റീച്ചുകളിലായി നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ഭൂമി ഏറ്റെടുത്ത് നൽകാൻ കഴിയാത്തതിനാൽ ദേശീയപാത അതോറിറ്റി കരാർ റദ്ദ് ചെയ്തിരിക്കുകയാണ്. നാല് റീച്ചുകളിലും 3A & 3D പ്രഖ്യാപിച്ചെങ്കിലും തദ്ദേശവാസികളുടെ എതിർപ്പുമൂലം സ്ഥലം ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. നാഷണൽ ഹൈവേ അതോറിറ്റി ഭൂവുടമകൾക്ക് അർഹമായ കോമ്പൻസേഷൻ നൽകാത്തതാണ് ഭൂമി ഏറ്റെടുക്കലിന് തടസ്സമായി നിൽക്കുന്നത്. കോമ്പറ്റേറ്റീവ്

അതോറിറ്റി ഓഫ് ലാന്റ് അക്വിസിഷൻ (CALA) ആണ് കോമ്പൻസേഷൻ നിശ്ചയിക്കുന്നത്. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ആർ & ആർ പാക്കേജിനേക്കാൾ കുറഞ്ഞ നിലവാരത്തിലാണ് CALA വിലയും മറ്റ് ആനുകൂല്യങ്ങളും നിശ്ചയിച്ചിരിക്കുന്നത്. നിലവിലുള്ള ആർ &ആർ പാക്കേജ് അനുസരിച്ചുള്ള വില നൽകണമെന്ന് നാഷണൽ ഹൈവേ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. 24-06-14-ന് കേന്ദ്രമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടക്കുന്ന നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിൽ പി.ഡബ്ല്യൂ.ഡി. സെക്രട്ടറി, ചീഫ് എഞ്ചിനീയർ (എൻ.എച്ച്) എന്നിവർ പങ്കെടുക്കണമെന്നും സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത യോഗതീരുമാനത്തിന്റെയും കേന്ദ്രസർക്കാരിന്റെ നയപരമായ തീരുമാനങ്ങൾക്കും ശേഷമേ ദേശീയപാത വികസനവുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

## സബ്മിഷൻ

### (1) <u>ആട്ടോ- ടാക്സി നികുതി വർദ്ധന</u>

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ടാക്സി, ആട്ടോറിക്ഷ എന്നിവയ്ക്ക് ഈ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ നികുതി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ വർഷത്തെ ധനകാര്യബില്ലിലെ നിർദ്ദേശമനുസരിച്ച് ട്രാൻസ്പോർട്ട് കമ്മീഷണർ ഇറക്കിയ സർക്കുലർപ്രകാരം ആട്ടോറിക്ഷകൾക്കും ടാക്സികൾക്കും ഒരു വർഷത്തിൽ ഒരു പ്രാവശ്യം അടച്ചിരുന്ന ടാക്സ് അഞ്ച് വർഷത്തേയ്ക്ക് ഒരുമിച്ചടയ്ക്കണമെന്നും പുറമെ അഡീഷണൽ ടാക്സുകൂടി അടയ്ക്കണമെന്നും വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഇത് ആട്ടോ-ടാക്സി തൊഴിലാളികളെ ബുദ്ധിമുട്ടിലാക്കുകയാണ്. പുഷ്ബാക്ക് സീറ്റുള്ള ടാക്സികൾക്ക് ഇത്തരം ടാക്സുകൾക്കു പുറമെ ആഡംബരനികുതിയും അടയ്ക്കേണ്ടിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത തീരുമാനം മുൻകാലപ്രാബല്യത്തോടെ പിൻവലിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ആട്ടോറിക്ഷാ നികുതി കഴിഞ്ഞ പതിനേഴ് വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. ബഡ്ജറ്റിൽ അഞ്ച് വർഷത്തേയ്ക്ക് ഒരുമിച്ച് നികുതി അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നെങ്കിലും ചർച്ചാവേളയിൽ ആട്ടോറിക്ഷയുടെ ടാക്സ് പിൻവലിക്കുക

യുണ്ടായി. സ്വകാര്യ ടാക്സിക്ക് പതിനഞ്ച് വർഷവും ടൂറിസ്റ്റ് ടാക്സിക്ക് വർഷംതോറും ടാക്സ് ഒടുക്കിയാൽമതിയായിരുന്നുവെങ്കിലും സ്വകാര്യടാക്സിക്കാർ ടൂറിസ്റ്റ് ടാക്സിയുടെ പെർമിറ്റെടുത്ത് വാഹനമോടിക്കുന്നതിലൂടെ സർക്കാരിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാനാണ് സ്വകാര്യ-ടൂറിസ്റ്റ് വാഹനങ്ങൾക്ക് പതിനഞ്ചുവർഷത്തെ ടാക്സ് ഒരുമിച്ചടയ്ക്കണമെന്ന പുതിയ വ്യവസ്ഥ കൊണ്ടുവന്നത്. ഇത് സ്റ്റേറ്റിന്റെ ലാർജർ ഇന്ററസ്റ്റിനുവേണ്ടി ചെയ്തതാണ്.

## (2) വല്ലാർപാടം പദ്ധതിക്കുവേണ്ടി കുടിയിറക്കപ്പെട്ടവരുടെ പുനരധിവാസം

ശ്രീ. എസ്. ശർമ്മ: വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിക്കുവേണ്ടി കുടിയിറക്കപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 2008 -ൽ പാക്കേജ് പ്രഖ്യാപിച്ചെങ്കിലും പ്രസ്തുത പാക്കേജിന്റെ ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യമാണുണ്ടായത്. ആയതിനാൽ പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതിനും അവരുടെ മറ്റ് പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കണ്ടെത്താനും ബന്ധപ്പെട്ട കളക്ടർക്ക് പൂർണ്ണഅധികാരം നൽകിക്കൊണ്ട് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റോഡ്

പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ട 315 കുടുംബങ്ങളിൽ 180 കുടുംബങ്ങൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്നും ബിൽഡിംഗ് പെർമിറ്റ് സമ്പാദിച്ച് പൈലിംഗ് ചാർജ് നൽകിയിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ് സമ്പാദിച്ചിട്ടും അപേക്ഷ സമർപ്പിക്കാത്തവർക്കാണ് പൈലിംഗ് ചാർജ് നൽകാത്തത്. വാഴക്കാല, തൈക്കാവ്, മൂലമ്പള്ളി, കോതാട്, കോരമ്പാടം, വടുതല, കാക്കനാട് തുടങ്ങിയ പുനരധിവാസ സ്ഥലങ്ങളിൽ വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വാടകക്കുടിശ്ശിക നൽകുന്നതിന് എത്രയുംവേഗം തുക അനുവദിക്കുന്നതാണ്. സ്ഥലമേറ്റെടുത്തതിന്റെ വർദ്ധിപ്പിച്ച നഷ്ടപരിഹാരത്തുക കോടതിയിൽ കെട്ടിവയ്ക്കണമെന്ന് നാഷണൽ ഹൈവേ അതോറിറ്റിയോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയും അത് വേഗത്തിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതാണ്. മറ്റ് പോരായ്മകളെന്തെങ്കിലുമുണ്ടെങ്കിൽ അത് പരിഹരിക്കുന്നതാണ്.

## (3) <u>പി.എസ്.സി. വഴി ഫാർമസിസ്റ്റുകളെ നിയമിക്കൽ</u>

<u>ശ്രീമതി ജമീലാ പ്രകാശം:</u> ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിലെ ഫാർമസികളിൽ പി. എസ്. സി. ലിസ്റ്റിൽ നിന്ന് ഫാർമസിസ്റ്റുകളെ

നിയമിക്കുന്നതിനും അയോഗ്യരായ ഫാർമസിസ്റ്റുകളുടെ സേവനം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പി.എസ്. സി. ലിസ്റ്റിൽനിന്ന് ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അയോഗ്യരെ കണ്ടെത്തുന്നതിനുള്ള പരിശോധനയിൽ അറുപത്തിയൊന്ന് പേരെ കണ്ടെത്തി കേസ്സെടുക്കുകയുണ്ടായി. അയോഗ്യരായിട്ടുള്ള ഫാർമസിസ്റ്റുകൾ ആരോഗ്യവകുപ്പിൽ ഇപ്പോൾ ഇല്ല. അഡീഷണലായി ഫാർമസിസ്റ്റുകളുടെ നാൽപത് പോസ്റ്റുകൾകൂടി അനുവദിച്ചിട്ടുണ്ട്. പി.എസ്.സി. പരീക്ഷകളിൽ വിജയിക്കുന്നവരെയും അടിസ്ഥാനയോഗ്യതയുള്ളവരെയുമാണ് സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റുകളായി നിയമിക്കുന്നത്. യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

## (4) ഖാദി- കൈത്തറി വസ്ത്രങ്ങൾക്ക് ടേണോവർ ടാക്സ്

ശ്രീ. വി. ശശി: ഖാദി-കൈത്തറി വസ്ത്രങ്ങൾക്ക് ടേൺ ഓവർ ടാക്സ് ഏർപ്പെടുത്തുന്നതിലെ അപാകത പരിഹരിക്കുന്നതിനും ഇതുസംബന്ധിച്ച്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വ്യക്തമായ അറിയിപ്പ് നൽകുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):കേരള ഫിനാൻസ് ബിൽപ്രകാരം ഒരുകോടിയിൽപ്പരം ടേണോവറുള്ള തുണിവ്യാപാരിയുടെമേൽ രണ്ടുശതമാനം വിറ്റുവരവ് നികുതി ഏർപ്പെടുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൈത്തറി തുണിത്തരങ്ങളെ വിറ്റുവരവ് നികുതിയിൽനിന്നും ഒഴിവാക്കാതെ കേരളത്തിനകത്തുള്ള ഉൽപ്പാദനയൂണിറ്റുകൾക്ക് അവർ അടയ്ക്കുന്ന വിറ്റുവരവ്നികുതിക്ക് തുല്യമായ തുക സബ്സിഡിയായി നൽകുന്നതായിരിക്കും ഉത്തമം. നികുതിവെട്ടിപ്പ് നടത്താൻ സാദ്ധ്യതയുള്ളതിനാൽ സബ്സിഡി വ്യവസ്ഥ കൊണ്ടുവരാവുന്നതാണ്. ഇരുപത്തിയൊന്നിനം ഖാദിയുൽപ്പന്നങ്ങൾക്ക് ഉൽപ്പാദന യൂണിറ്റുകളുടെ വിൽപ്പനഘട്ടത്തിൽ ഇതിനകംതന്നെ നികുതിയൊഴിവ് നൽകിയിട്ടുള്ളതിനാൽ ഖാദി തുണിത്തരങ്ങളെ മാത്രമായി വിറ്റുവരവ് നികുതിയിൽനിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

## (5) പത്രപ്രവർത്തക പെൻഷൻ

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്) : നടപടിക്രമങ്ങളിലെ പിഴവ് പരിഹരിച്ച് വർദ്ധിപ്പിച്ച നിരക്കിലുള്ള പത്രപ്രവർത്തക പെൻഷൻ അതാത് മാസംതന്നെ വിതരണം ചെയ്യാനും അംശദായ കുടിശ്ശിക അടയ്ക്കുന്നതിനുള്ള പിഴ 50 ശതമാനമായി വർദ്ധിപ്പിച്ചത് ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : 2014 ഫെബ്രുവരി മാസം മുതൽ പത്രപ്രവർത്തക പെൻഷൻ വിതരണം ട്രഷറി സേവിംഗ്സ് ബാങ്ക് മുഖേനയാക്കിയതിനെത്തുടർന്ന് ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ പെൻഷൻ ട്രഷറി മുഖേന യഥാസമയം നൽകിയിരുന്നു. മേയ് മാസത്തെ പെൻഷൻ ട്രഷറി വഴി നൽകുന്നതിനുള്ള ചെക്കും ലിസ്റ്റും നൽകിയെങ്കിലും പുതിയ മാതൃകയിൽ ലിസ്റ്റ് നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് തിരിച്ചയച്ചതിനെത്തുടർന്ന് 17-06-2014-ൽ പ്രസ്തുത ലിസ്റ്റ് മാറ്റങ്ങളോടെ ട്രഷറിയിൽ നൽകുകയും 18-06-2014 മുതൽ പെൻഷൻ നൽകുന്നതുമാണ്. പെൻഷൻ സ്കീമിലേയ്ക്കുള്ള പത്രഉടമകളുടെ വിഹിതം ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നുണ്ട്. അംശദായ കുടിശ്ശിക അടയ്ക്കുന്നതിനുള്ള പിഴ കുറയ്ക്കുന്ന കാര്യം ആലോചിച്ചുവരികയാണ്.

## (6) ഡെന്റൽ കോളേജ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂർ സർക്കാർ ഡെന്റൽ കോളേജിന്റെ പ്രവർത്തനം ഈ അദ്ധ്യയന വർഷംതന്നെ ആരംഭിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): തൃശ്ശൂർ സർക്കാർ ഡെന്റൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 19 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 5 കോടി രൂപ കോളേജിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി നൽകി പ്രവർത്തനം ആരംഭിക്കുകയും 120 ലക്ഷം രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങാനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഡെന്റൽ കോളേജിനുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ പൂർണ്ണമായും സജ്ജീകരിക്കുന്നമുറയ്ക്ക് അടുത്തവർഷം കോളേജിൽ അദ്ധ്യയനം ആരംഭിക്കാൻ കഴിയുന്ന രീതിയിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

## (7) ചടയമംഗലം പി.എച്ച്. സെന്റർ

ശ്രീ. മുല്ലക്കര രത്നാകരൻ : ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുടെ യോഗം ചേർന്ന് ചടയമംഗലം പി.എച്ച്.സി.-യുടെ നിർമ്മാണ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ചടയമംഗലം പി.എച്ച്.സി. നിർമ്മാണത്തിനായി ലഭിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. പി.എച്ച്.സി.-ക്ക് പീഡിയാട്രിക് വാർഡ്, ഓപ്പറേഷൻ തീയേറ്റർ എന്നിവ ആവശ്യമില്ലെന്നും പ്രൊപ്പോസൽ പുന:പരിശോധിക്കണമെന്നും ധനകാര്യ വകുപ്പ് അറിയിച്ചപ്രകാരം പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറോടും ആരോഗ്യ വകുപ്പ് ഡയറക്ടറോടും പ്രസ്തുത പ്രൊപ്പോസൽ പുന:പരിശോധിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത പി.എച്ച്.സി.-യിൽ കാഷ്വാലിറ്റി യൂണിറ്റ് സ്ഥാപിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ നിയമസഭാ സമ്മേളന കാലയളവിൽത്തന്നെ ബന്ധപ്പെട്ടവരുടെ യോഗം ചേർന്ന് നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## (8) മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെ അപര്യാപ്തത

ശ്രീ. എം. ഉമ്മർ : സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കണം. പി.ജി. കോഴ്സ് കഴിഞ്ഞവരെ നേരിട്ട് നിയമിക്കുമ്പോൾ നൽകുന്ന ശമ്പളം

താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നവർക്കുകൂടി ബാധകമാക്കണം. മുൻകാലങ്ങളിലേതുപോലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ പി.ജി. കഴിഞ്ഞവരുടെ സേവനം ഉറപ്പുവരുത്തുന്നതിന് ഒരുവർഷത്തേയ്ക്കുള്ള ബോണ്ട് നിർബന്ധമാക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർക്കാർ മെഡിക്കൽ കോളേജുകളിലെ എൻട്രി കേഡർ അധ്യാപക തസ്തികകൾ 2006-ൽ നടപ്പിലാക്കിയ ശമ്പള പരിഷ്കരണത്തിലൂടെ സീനിയർ ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ എന്നാക്കി ഉയർത്തുകയുണ്ടായി. നിർവ്വചിക്കപ്പെട്ട ശമ്പളത്തിനുപുറമെ ഇവർക്ക് വിവിധ ആനുകൂല്യങ്ങളും പ്രൊമോഷൻ വൈകുന്ന സാഹചര്യത്തിൽ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷനും എൻട്രി കേഡർ ഒഴികെയുള്ള മറ്റെല്ലാ അധ്യാപകർക്കും കാലാകാലങ്ങളിൽ ഡി.പി.സി. കൂടി പ്രൊമോഷനും നൽകി വരുന്നുണ്ട്. എൻട്രി കേഡറിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടെ ക്ഷാമം കൂടുതൽ ഡോക്ടർമാർ പഠിച്ചിറങ്ങുന്നതോടെ പരിഹരിക്കാൻ കഴിയുന്നതാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിച്ച പ്രകാരമുള്ള അധ്യാപക അനുപാതം പാലിച്ചുകൊണ്ട്

പ്രവർത്തിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ യു.ജി.സി. പാറ്റേൺ അടിസ്ഥാനപ്പെടുത്തിയുള്ള ശമ്പള നിരക്കുകളാണ് നൽകിക്കൊണ്ടിരിക്കുന്നത്.

## (9) പെരിഞ്ഞോട്ടുകരയിൽ പോലീസ് സ്റ്റേഷൻ

ശ്രീമതി ഗീതാ ഗോപി: നാട്ടിക മണ്ഡലത്തിലെ പെരിഞ്ഞോട്ടുകരയിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ സത്വരനടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പെരിഞ്ഞോട്ടുകരയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ആഭ്യന്തര വകുപ്പ് വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത പോലീസ് സ്റ്റേഷന് 34 തസ്തികകൾ സൃഷ്ടിക്കേണ്ടി വരുന്നതുമൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് ധനകാര്യ വകുപ്പ് പ്രൊപ്പോസൽ നിരസിക്കുകയുണ്ടായി. പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി, പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽനിന്നും റിപ്പോർട്ട് ലഭിച്ചശേഷം പ്രസ്തുത ആവശ്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (10) ഫയർ ആന്റ് റസ്ക്യൂ സർവ്വീസ്

ശ്രീ. കെ. കെ. ജയചന്ദ്രൻ: ഉടുമ്പൻചോല താലൂക്കിന്റെ ആസ്ഥാനമായ നെടുങ്കണ്ടത്ത് റവന്യൂ വകുപ്പ് വിട്ടുതരാൻ തയ്യാറായ ഭൂമിയിൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): നെടുങ്കണ്ടത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ലഭ്യമായ പുറമ്പോക്ക് ഭൂമി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടിക പ്രസിദ്ധീകരിച്ച ലിസ്റ്റിലും പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ആർ.എം.എസ്.ഐ. നടത്തിയ പഠനത്തിലും നെടുങ്കണ്ടം ഉൾപ്പെട്ടിട്ടില്ലെങ്കിലും ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം കൈമാറികിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (11) വിഷ്ണുവിന്റെ കൊലപാതകം

ശ്രീ. വി. ശിവൻകുട്ടി: കരമന-കിള്ളിപ്പാലം ബണ്ട് റോഡിൽ അക്രമികളുടെ

വെട്ടും കുത്തുമേറ്റ് യുവാവ് ദാരുണമായി കൊലചെയ്യപ്പെട്ട സംഭവത്തെക്കുറിച്ച് അന്വേഷിക്കാനും ഇത്തരം ആക്രമണങ്ങൾ ആവർത്തിക്കാതിരിക്കാനും രാത്രികാല പട്രോളിംഗും കൺട്രോൾ റൂമിന്റെ പ്രവർത്തനവും കാര്യക്ഷമമാക്കാനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഫോർട്ട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട കീഴമ്പ്കടവിൽ ഇരുചേരിയിൽപ്പെട്ടവർ തമ്മിലുണ്ടായ സംഘട്ടനത്തിൽ ഇരുകൂട്ടർക്കും സാരമായി പരിക്കേൽക്കുകയും സംഭവസ്ഥലത്തുനിന്ന് വിഷ്ണുവിനെ കാണാതാകുകയും ചെയ്തു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ളയാളുടെ മൊഴി പ്രകാരം അഞ്ചുപേരെ പ്രതികളാക്കി ബന്ധപ്പെട്ട ആക്ടുകളിലെ വിവിധ വകുപ്പുകൾ പ്രകാരം ഒരു കേസും സംഭവസ്ഥലത്ത് താമസിക്കുന്നയാളിന്റെ മൊഴി പ്രകാരം മറ്റൊരു കേസും ഫോർട്ട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിഷ്ണുവിന്റെ മൃതദേഹം പിറ്റേന്ന് കിള്ളിയാറിൽനിന്ന് കണ്ടെടുക്കുകയും ഇൻക്വസ്റ്റ് നടത്തി ശവശരീരം പോസ്റ്റ്മോർട്ടത്തിന് അയയ്ക്കുകയും കൊലപാതകം കൂടിചേർത്ത് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന

പ്രതിയെ ഡിസ്ചാർജ് ചെയ്യുന്ന മുറയ്ക്ക് അറസ്റ്റ് ചെയ്യുന്നതാണ്. കേസിലുൾപ്പെട്ട മറ്റ് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും ജുഡീഷ്യൽ കസ്റ്റഡിയിലുമാണ്. പ്രസ്തുത കേസ് ഫോർട്ട് സി.ഐ. അന്വേഷിച്ചുവരികയാണ്. കമ്മീഷണറുടെ നേതൃത്വത്തിൽ രാത്രികാല പട്രോളിംഗും അശ്വാരൂഢ സേനയുടെ നേതൃത്വത്തിലുള്ള പട്രോളിംഗും നടത്തിവരുന്നുണ്ട്. രാത്രികാല ഹൈവേ പട്രോളിംഗ് ശക്തമാക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൺട്രോൾ റൂമിനെ സംബന്ധിച്ച് പരാതി ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ പുതിയ സംവിധാനം ഏർപ്പെടുത്തുന്നതും പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

## (12) സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് നടപ്പാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പാലോട് രവി: അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കേരളാ ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പി.എസ്.സി. അംഗീകരിച്ചതിൽ നിന്ന് മാറ്റം വരുത്താതെ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമുള്ള പ്രസ്സുകളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ട്രേഡ് യൂണിയനുകളുടെയും

മാനേജ്മെന്റിന്റെയും യോഗം കൂടി വിളിച്ചു കൂട്ടുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ കെ.പി. മോഹനൻ): 1976-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്പെഷ്യൽ റൂൾസ് അനുസരിച്ചാണ് ഗവൺമെന്റ് പ്രസ്സസ് സബോർഡിനേറ്റ് സർവ്വീസുകൾ പ്രവർത്തിക്കുന്നത്. അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സംഘടനകൾ നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കി ഫൈനലൈസ് ചെയ്തു വന്ന സാഹചര്യത്തിൽ ചില ജീവനക്കാർ കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ സ്പെഷ്യൽ റൂൾസ് നടപ്പാക്കുന്നതിന് കാലതാമസമുണ്ടായി. തുടർ നടപടികൾ പൂർത്തീകരിച്ച് നിയമസഭാ സബ്ജക്ട് കമ്മിറ്റിക്ക് സമർപ്പിച്ചപ്പോൾ ചില അംഗങ്ങൾ ചില നിർദ്ദേശങ്ങൾ നൽകിയതിനാൽ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാനുണ്ടായ കാലതാമസം അച്ചടി വകുപ്പിലെ ഉദ്യോഗകയറ്റങ്ങളെയും നിയമനങ്ങളെയും ബാധിക്കുകയും കോടതിയുടെ ഇടപെടലുകൾക്ക് വഴിവെയ്ക്കുകയും ചെയ്ത സാഹചര്യത്തിൽ യൂണിയൻ നേതാക്കളുടെ മീറ്റിംഗ് വിളിച്ചു ചേർത്ത്

അന്തിമ തീരുമാനം എടുക്കുന്നതാണ്.

## (13) പുതുക്കി നിശ്ചയിച്ച നെൽവില നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. തോമസ് ചാണ്ടി: നിലവിലുള്ള സർക്കാർ ഉത്തരവിൽ മാറ്റം വരുത്തി പുഞ്ച കൃഷി ചെയ്ത എല്ലാ കർഷകർക്കും വർദ്ധിപ്പിച്ച നെൽവില ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): നെൽകൃഷിയുടെ വർദ്ധിച്ചുവരുന്ന ചെലവിനനുസരിച്ച് സംസ്ഥാന സർക്കാർ സംഭരണവില വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ താങ്ങുവിലയും സ്റ്റേറ്റ് സബ്സിഡിയും ചേർത്ത് 2014-ൽ നെല്ലിന്റെ സംഭരണവില 19 രൂപയായിട്ടാണ് വർദ്ധിപ്പിച്ചു നൽകിയത്. പ്രസ്തുത തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലാണ് നൽകി വരുന്നത്. സംഭരണ വില വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## (14) ഹയർസെക്കണ്ടറി സീറ്റുകൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: മലപ്പുറം ജില്ലയിൽ സർക്കാർ-എയ്ഡഡ് മേഖലയിൽ കൂടുതൽ ഹയർസെക്കണ്ടറി സീറ്റുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദുറബ്ബ്)</u>: സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ-എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ച് അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുകയും യോഗ്യതയുള്ള സ്കൂളുകളുടെ പട്ടിക തയ്യാറാക്കി നൽകാൻ ഹയർ സെക്കണ്ടറി ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുമ്പോൾ കൂടുതൽ സീറ്റുകൾ ആവശ്യമായിവരുന്ന റവന്യൂ ജില്ലയ്ക്കാണ് മുൻഗണന നൽകുന്നത്. ഹയർസെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം സാധുവായ അപേക്ഷകൾ തെരഞ്ഞെടുത്ത് അധിക ബാച്ച് അനുവദിക്കുമ്പോൾ കൂടുതൽ ഹയർ സെക്കണ്ടറി സീറ്റുകൾ മലപ്പുറം ജില്ലയ്ക്ക് ലഭിക്കും. എസ്.എസ്.എൽ.സി. പാസ്സായ ചില വിഭാഗങ്ങൾ സമാന്തര സാങ്കേതിക കോഴ്സുകളിലേയ്ക്ക് പോകുമെന്നതിനാൽ ലഭ്യമായ സീറ്റുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ പൂർത്തിയായശേഷവും പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തതയുണ്ടെങ്കിൽ

അക്കാര്യം  സർക്കാർ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## (15) വൈദ്യുതിലൈൻ പൊട്ടിവീണ് മരണപ്പെട്ട സംഭവം

ശ്രീ. പി.സി. വിഷ്ണുനാഥ് : ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ വെൺമണി പഞ്ചായത്തിൽ  പൊട്ടിക്കിടന്ന വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റ് മരിച്ച കുട്ടിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുകയും സംഭവത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ  നടപടി സ്വീകരിക്കുകയും വേണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :  ഈ സംഭവം സംബന്ധിച്ച് പ്രാഥമിക അന്വേഷണം നടത്തി ഒരു ഓവർസിയറേയും രണ്ട് ലൈൻമാൻമാരേയും സസ്പെൻഡ് ചെയ്തിട്ടുണ്ട്.  കുട്ടിയുടെ ശവസംസ്കാര ചടങ്ങിനായി 10000 രൂപ അനുവദിച്ചിട്ടുണ്ട്.  കുടുംബത്തിന് ഒരു ലക്ഷം രൂപ കൂടി അടിയന്തരമായി അനുവദിച്ചു നൽകുന്നതാണ്.

## (16) പുഴക്കാട്ടിരി  ഇലക്ട്രിക്കൽ സെക്ഷൻ  രൂപീകരണം

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: മലപ്പുറം ജില്ലയിലെ  പെരിന്തൽമണ്ണ ഇലക്ട്രിക്കൽ ഡിവിഷന് കീഴിൽ പുഴക്കാട്ടിരി സെക്ഷൻ ആരംഭിക്കാൻ നടപടി

സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കെ.എസ്.ഇ.ബി.യുടെ നോംസ് അനുസരിച്ച് പുതിയ സെക്ഷൻ അനുവദിക്കുന്ന കാര്യത്തിൽ ചില ബുദ്ധിമുട്ടുകളുണ്ട്. നോംസ് പുന:പരിശോധിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലാണ്. പുന:പരിശോധിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

## (17) വിലങ്ങാട്, ചാത്തങ്കോട്നട പദ്ധതികൾ

ശ്രീ. ഇ. കെ. വിജയൻ: വിലങ്ങാട്, ചാത്തങ്കോട്നട ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പണി പൂർത്തിയായ വിലങ്ങാട് പദ്ധതി, ജൂലൈ മാസം അവസാനവും ചാത്തങ്കോട് നട പദ്ധതി ഡിസംബർ മാസം 15-നുള്ളിലും കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (18) ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: പട്ടികവർഗ്ഗ എം.ആർ.എസ്. പ്രീപ്രൈമറി

ഹോസ്റ്റലുകളിൽ കാലങ്ങളായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന വാച്ച്മാൻ, കുക്ക്, വാർഡൻ തുടങ്ങിയ ജീവനക്കാരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം.

പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) : പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വാർഡൻ തസ്തിക സ്പെഷ്യൽ റൂൾസ് പ്രകാരം പി.എസ്.സി. തയ്യാറാക്കുന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽ നിന്നുമാണ് നിയമനം നടത്തേണ്ടതെന്നതിനാലും ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മെയിൽ വാർഡൻ, ഫീമെയിൽ വാർഡൻ എന്ന് തരംതിരിച്ച് നിയമനം നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നതിനാലും വാച്ച്മാൻ തസ്തികയിലേക്കുള്ള നിയമനം പി.എസ്.സി.-യുടെ എൽ.ജി.എസ്. റാങ്ക് ലിസ്റ്റിൽനിന്ന് നടത്തേണ്ടതിനാലും ഈ തസ്തികകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്താൻ നിർവ്വാഹമില്ല. പ്രത്യേക യോഗ്യതകൾ നിശ്ചയിച്ചിട്ടുള്ളതിനാൽ പ്രസ്തുത യോഗ്യതയുള്ളവരെ മാത്രമേ കുക്ക് തസ്തിക നിയമനത്തിനായി പരിഗണിക്കാൻ കഴിയുകയുള്ളൂ. വകുപ്പിന്റെ സ്പെഷ്യൽ റൂൾസിൽ ഉൾപ്പെടാത്തതും പി.എസ്.സി. വഴി നിയമനം നടത്താത്തതുമായ

തസ്തികകളിൽ ദീർഘകാലമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്താൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

## (19) മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ

ശ്രീ. ടി. എൻ. പ്രതാപൻ: സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എയ്ഡഡ് കോഴ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ലംപ്സംഗ്രാന്റ് ഉൾപ്പെടെയുള്ള കുടശ്ശിക തുക കൊടുത്തുതീർക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർക്കാർ നിയന്ത്രിത/അംഗീകൃത എയ്ഡഡ് സ്ഥാപനങ്ങളിൽ എയ്ഡഡ് കോഴ്സിനു പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യം മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുകൂടി ലഭ്യമാക്കുന്നതിനും ലംപ്സംഗ്രാന്റ് കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ഈ വർഷത്തെ ആനുകൂല്യങ്ങൾ സമയബന്ധിതമായി കൊടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

## (20) പേരാമ്പ്ര ബൈപ്പാസ് റോഡ്

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: പേരാമ്പ്ര ബൈപ്പാസ് റോഡിന്റെ പണി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പേരാമ്പ്ര ബൈപ്പാസ് റോഡിന്റെ സാമൂഹിക-സാമ്പത്തികാഘാത പഠനം നടത്തുന്നതിനും അടിയന്തരമായി പണി പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ 3-ാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

## 2014- 2015 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): താഴെ പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V - കാർഷികാദായ നികുതിയും വില്പന നികുതിയും - (152,73,40,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം (124,95,44,000 രൂപ)

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): താഴെ പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി (317,01,62,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും (301,10,71,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് (217,14,00,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയെയും പ്രകൃതിക്ഷോഭംമൂലമുള്ള

ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.

**(ചർച്ച)**

ഡോ. ടി. എം. തോമസ് ഐസക്: സംസ്ഥാനം രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ വർഷം ആരംഭിച്ച് രണ്ട് മാസം പിന്നിട്ടപ്പോൾ 3200 കോടി രൂപ കടം വാങ്ങുകയും 800 കോടി രൂപയുടെ വായ്പയ്ക്കായി അപേക്ഷ കൊടുക്കുകയും ചെയ്തിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങി കൂടുതൽ തുക വായ്പയെടുത്തതിന്റെ ഫലമായി കഴിഞ്ഞവർഷം 14177 കോടി രൂപയാണ് ധനക്കമ്മി . ദൈനംദിന ചെലവിനുപോലും വായ്പയെടുക്കേണ്ട അവസ്ഥ വന്നതിന്റെ ഫലമായി 3000 കോടി രൂപയാണ് കോൺട്രാക്ടർമാർക്ക് കുടിശ്ശികയിനത്തിൽ കൊടുക്കാനുള്ളത്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതി വകുപ്പിൽ സമൂലമായ അഴിച്ചുപണി നടത്താനും ചെക്ക്പോസ്റ്റുകൾ അഴിമതി രഹിതമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. നോൺ പെർഫോമിംഗ് അസറ്റായി പ്രവർത്തനം അവസാനിപ്പിക്കാനിരുന്ന കെ.എഫ്.സി.-യെ മണിമാർക്കറ്റിൽ ബോണ്ടിറക്കി

പണം വാങ്ങാൻ കഴിയുന്ന സ്ഥാപനമാക്കി വളർത്തിയെടുക്കാൻ ഇടതുമുന്നണിയുടെ ഭരണകാലത്ത് സാധിച്ചെങ്കിലും അതിപ്പോൾ പഴയ അവസ്ഥയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വാളകത്ത് ഒരു റിസോർട്ട് തുടങ്ങുന്നതിനുവേണ്ടി 15 കോടി രൂപ അനുവദിച്ചപ്പോൾ 20 ലക്ഷം രൂപ കമ്മീഷനായി ആവശ്യപ്പെട്ട കെ.എഫ്.സി.-യുടെ ഡയറക്ടർ ബോർഡ് മെമ്പറായ കൊട്ടാരക്കര പൊന്നച്ചനെ മാറ്റിനിറുത്തി അന്വേഷണം നടത്താൻ തയ്യാറാകണം. കേന്ദ്ര ഗവൺമെന്റുമായി എം.ഒ.യു. ഒപ്പുവച്ചിട്ടുള്ള പ്രധാന ധനകാര്യപഠന സ്ഥാപനമായ ഗിഫ്റ്റിൽ പ്രാപ്തിയുള്ള ഡയറക്ടറെയും ഗവേണിംഗ് ബോഡിയെയും നിയമിക്കണം. റവന്യൂകമ്മി കൂടിയതിന്റെ ഫലമായി വിവിധ സംസ്ഥാനങ്ങളുടെ ഒരു ലക്ഷം കോടി രൂപയാണ് ഇന്ന് ഇന്ത്യാ ഗവൺമെന്റിന്റെ സെക്യൂരിറ്റിയിൽ കിടക്കുന്നത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭൂമിയില്ലാത്തവർക്ക് ഭൂമിയും കിടപ്പാടമില്ലാത്തവർക്ക് കിടപ്പാടവും നൽകാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ഒരളവുവരെ വിജയിക്കുകയും ചെയ്തു സർക്കാരാണിത്. ഇന്ത്യയ്ക്കൊട്ടാകെ മാതൃകയായ സീറോ ലാൻഡ്ലെസ് പദ്ധതി നടപ്പാക്കുന്നതിന് ശ്രമകരമായ പ്രവർത്തനം നടന്നുവരികയാണ്. ലഭ്യമായ ഭൂമിയുടെ അളവുമായി താരതമ്യം ചെയ്യുമ്പോൾ അപേക്ഷകരുടെയെണ്ണം വളരെ

കൂടുതലായതിനാൽ ഫ്ലാറ്റുകൾ പണിത് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം. സംസ്ഥാനത്ത് അശാസ്ത്രീയമായ രീതിയിൽ നടക്കുന്ന റീസർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഔട്ട്സോഴ്സ് ചെയ്യുന്നതിനും പരാതികൾ പരിഹരിക്കുന്നതിന് ആവശ്യമെങ്കിൽ അദാലത്തുകൾ വിളിച്ചുകൂട്ടുന്നതിനും സർക്കാർ തയ്യാറാകണം. പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും അത് കടൽക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്കുകൂടി ലഭ്യമാക്കുന്നതിനും നിലവിലുള്ള ചട്ടങ്ങളിൽ മാറ്റം വരുത്തണം. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നതിനും റിലീഫ് സെറ്റിൽമെന്റിന് സംവിധാനമുണ്ടാക്കുന്നതിനും കേന്ദ്രഫണ്ട് ഫലപ്രദമായി വിനിയോഗിച്ച് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും അതോറിറ്റിയെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. സാങ്കേതികതകൾ ഒഴിവാക്കി പട്ടയ വിതരണം വേഗത്തിലാക്കുന്നതിനും ഇനാംപട്ടയങ്ങൾക്ക് പോക്കുവരവ് നടത്തിക്കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിലും പട്ടയങ്ങൾ വിതരണം ചെയ്യുന്നതിലുമുള്ള വീഴ്ചകൾ

പരിഹരിക്കണം. നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട ഡാറ്റാബാങ്ക് അടിയന്തരമായി പ്രഖ്യാപിക്കണം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിൽ ജാഗ്രത പുലർത്തണം. കേരളത്തിന്റെ സ്വാഭാവികമായ ഭൂപ്രകൃതിയെ സംരക്ഷിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ റവന്യൂ വകുപ്പ് പരാജയപ്പെട്ടിരിക്കുകയാണ്. ഭാവിയിലുണ്ടാകാനിടയുള്ള ജലദൗർലഭ്യം മുൻകൂട്ടി മനസ്സിലാക്കി മുൻകരുതലെടുക്കാൻ ഒരു തയ്യാറെടുപ്പും സർക്കാർ നടത്തുന്നില്ല. പുതിയ താലൂക്കുകളുടെ പ്രഖ്യാപനം റവന്യൂ വകുപ്പ് പുലർത്തുന്ന പക്ഷപാതപരമായ സമീപനത്തിന്റെ തെളിവാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 'കരുതലും വികസനവും' എന്ന ഗവൺമെന്റിന്റെ മുദ്രാവാക്യം യാഥാർത്ഥ്യമാക്കാൻ സാധിച്ചത് സംസ്ഥാനത്ത് മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റുള്ളതുകൊണ്ടാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്ന ധനകാര്യ വകുപ്പുമന്ത്രി വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ ഉദാര സമീപനം സ്വീകരിക്കുന്നുണ്ട്. കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള കുടിശ്ശികയുടെ കാര്യത്തിൽ ഉദാര സമീപനം

ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീടുണ്ടാക്കി നൽകുന്നതിനായി 'ഭവനരഹിതരില്ലാത്ത കേരളം' പദ്ധതിക്ക് രൂപം നൽകണം. നിലവിൽ രണ്ട് കുടുംബങ്ങൾ വീതം താമസിക്കുന്ന ലക്ഷം വീട് കോളനികളിലെ വീടുകൾ വിഭജിച്ച് ഒറ്റ വീടുകളാക്കണം. അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതോടൊപ്പം വില്ലേജ് ഓഫീസുകളിൽ നേരിട്ട് അപേക്ഷ സമർപ്പിക്കുന്ന സംവിധാനം നിലനിർത്തുന്നതിനും അപേക്ഷ നൽകുന്ന ദിവസംതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനമുണ്ടാക്കണം. വികസന പ്രവർത്തനങ്ങൾക്ക് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ (എൽ.എ.) വിഭാഗത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഉദ്യോഗസ്ഥരുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിനുമുള്ള ആർജ്ജവം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഭൂമി ലഭ്യമാക്കിയിട്ടുള്ള ആളുകൾക്ക് കാലതാമസം കൂടാതെ മതിയായ നഷ്ടപരിഹാരം ലഭ്യമാക്കണം. സർവ്വേ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും റീസർവ്വേ നടപടികൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി ജമീലാ പ്രകാശം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

സാമ്പത്തിക ഭാരംകൊണ്ട് ജനങ്ങളും സംസ്ഥാനവും നട്ടംതിരിയുമ്പോൾ എന്തിനും ഏതിനും സർക്കാർ ഉത്സവങ്ങളും മേളകളും സംഘടിപ്പിക്കുകയാണ്. ദശലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് സംഘടിപ്പിച്ച ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഒരു ലക്ഷം ആളുകൾക്ക് ഭൂമി നൽകുമെന്ന് പ്രഖ്യാപിച്ചെങ്കിലും 36000 പേർക്ക് മാത്രമാണ് ഇതുവരെ പട്ടയം ലഭിച്ചിട്ടുള്ളതെന്നും ഇതിൽ 20 ശതമാനം പേർക്കുപോലും ഭൂമി കൈമാറി നൽകിയിട്ടില്ലെന്നുമാണ് അറിയുന്നത്. സർക്കാർ ഭൂമി ഹാരിസൺ കമ്പനിക്ക് തീറെഴുതാൻ കൂട്ടുനിന്ന നാല് റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ ജാമ്യമില്ലാ വകുപ്പിൽ കേസെടുക്കണമെന്ന വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

അനധികൃതമായി ഭൂമി കൈവശം വച്ചിട്ടുള്ള കമ്പനികൾക്കെതിരെ സർക്കാർ നടപടി സ്വീകരിച്ചിട്ടില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി അവതാളത്തിലായിരിക്കുകയാണ്. ഭൂമാഫിയകൾക്ക് ഒത്താശ ചെയ്യുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർത്തിട്ടില്ല. നികുതി പിരിവിലെ ക്രമക്കേട്, കെടുകാര്യസ്ഥത, ധൂർത്ത്, അഴിമതി എന്നിവമൂലം സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുകയാണ്. പ്രകൃതിദുരന്തത്തി

നിരയായവർക്ക് നഷ്ടപരിഹാരം നൽകിയിട്ടില്ല. നിർമ്മാണ മേഖലയിലെ പ്രതിസന്ധികാരണം വൻ വരുമാന നഷ്ടമുണ്ടായിരിക്കുകയാണ്. ഇന്ദിരാ ആവാസ് യോജനയും ലക്ഷം വീടുകളെ ഒറ്റ വീടുകളാക്കുന്നതിനുള്ള പദ്ധതിയും അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. മണലിന് ബദലായ കോമ്പൗണ്ട് കണ്ടുപിടിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനങ്ങൾ മുൻകൂട്ടി മനസ്സിലാക്കുന്നതിനുമാവശ്യമായ ഗവേഷണ നയം ആവിഷ്കരിക്കണം.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ യാഥാർത്ഥ്യബോധത്തോടുകൂടിയതും മെച്ചപ്പെട്ടതുമായ ധനകാര്യ മാനേജ്മെന്റ് കേരളത്തെ പുരോഗതിയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. ആഗോള സാമ്പത്തിക പ്രതിസന്ധിയുണ്ടായ സാഹചര്യത്തിലും കേരളത്തിന് 11% സാമ്പത്തിക വളർച്ച കൈവരിക്കാൻ സാധിച്ചത് മികച്ച ധനകാര്യ മാനേജ്മെന്റിന്റെയും ആസൂത്രണത്തിന്റെയും സാക്ഷ്യപത്രമാണ്. ആഗോള സാമ്പത്തികമാന്ദ്യം കേരളത്തെ ബാധിക്കാതിരിക്കാൻ ഉല്പാദനരംഗത്ത് ഉത്തേജനവും വളർച്ചയും ലക്ഷ്യമിടുന്ന ധനകാര്യ നയം സ്വീകരിച്ചും അടിസ്ഥാന സൗകര്യ വികസനത്തിന് വൻ നിക്ഷേപം നടത്തിയുമാണ് ഈ സർക്കാർ

മുന്നോട്ടുപോകുന്നത്. അരി, ഗോതമ്പ്, പയർവർഗ്ഗങ്ങൾ എന്നിവയ്ക്ക് നികുതി കുറച്ച് സാധാരണക്കാർക്ക് സഹായകരമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്രസർക്കാർ പെട്രോൾ വില വർദ്ധിപ്പിച്ചപ്പോൾ നികുതി വരുമാന വർദ്ധനവിനേക്കാൾ ജനതാല്പര്യത്തിന് മുൻതൂക്കം നൽകുന്ന നടപടി സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി കാരുണ്യ ലോട്ടറി ആരംഭിക്കുകയും 387 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ വിതരണം നടത്തുകയും ചെയ്തത് അഭിനന്ദനാർഹമാണ്. കാരുണ്യ ഹോമുകൾ, കാരുണ്യ ഡയാലിസിസ് സെന്ററുകൾ എന്നിവ ആരംഭിക്കുന്നതിനും അനാഥ കുടുംബങ്ങൾക്ക് പ്രതിമാസം 2000 രൂപ സഹായം നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചത് പ്രശംസനീയമാണ്. സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക കൊടുത്തുതീർക്കുകയും സാമൂഹ്യക്ഷേമ പെൻഷനുകളിൽ വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പിലാക്കിയതിലൂടെ രണ്ടര ലക്ഷത്തോളം പേർക്ക് ഭൂമി നൽകാൻ കഴിഞ്ഞത് ശ്ലാഘനീയമാണ്. റീസർവ്വേ നടപടികൾ പൂർത്തിയാക്കുന്നതോടൊപ്പം റവന്യൂ വകുപ്പിൽ ഇ-പേമെന്റ്

സംവിധാനം നടപ്പിലാക്കുകയും വേണം. ന്യൂനതകൾ പരിഹരിച്ച് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കണം.

<u>ശ്രീ. അൻവർ സാദത്ത്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് പട്ടിണി നിർമ്മാർജ്ജനം ഉൾപ്പെടെ ജനക്ഷേമകരമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഹീമോഫീലിയ രോഗികളുടെ ചികിത്സയ്ക്ക് രണ്ടുലക്ഷം രൂപ ധനസഹായം നൽകുന്നുണ്ടെങ്കിലും തുടർ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപകൂടി അനുവദിക്കണം. ഹീമോഫീലിയ രോഗികൾക്ക് പെൻഷൻ പ്രഖ്യാപിച്ച സർക്കാർ നടപടി അഭിനന്ദനാർഹമാണ്. ചെക്ക്പോസ്റ്റുകളിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന് എല്ലാ ചെക്കുപോസ്റ്റുകളും സംയോജിത ചെക്കുപോസ്റ്റുകളാക്കി മാറ്റണം. കൂടാതെ ചെക്കുപോസ്റ്റുകൾതോറും നിരീക്ഷണക്യാമറകൾ സ്ഥാപിച്ച് ഓൺലൈൻമുഖേന മന്ത്രിമാർക്ക് നേരിട്ട് ഇവയുടെ സ്ഥിതി നിരീക്ഷിക്കുന്നതിനും സർക്കാർ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. എല്ലാപേർക്കും വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ ഏർപ്പെടുത്തിയ ഭവനനിർമ്മാണ പദ്ധതി, പാർപ്പിടനയം എന്നിവ സ്വാഗതാർഹമാണ്. ഇതിന് പഞ്ചായത്തിന്റെ

തനതുഫണ്ടിൽനിന്ന് തുക നൽകേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ അർഹരായവർക്ക് ആനുകൂല്യം കിട്ടാത്ത സ്ഥിതിയാണുള്ളത്. ആയതിനാൽ പഞ്ചായത്തിന് ഒരു പ്രത്യേകഫണ്ട് നൽകി കൂടുതൽ ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി നൽകുന്ന തുക അയ്യായിരമാക്കി ഉയർത്തണം. വെള്ളപ്പൊക്കംമൂലം ക്യാമ്പുകളിൽ കഴിയുന്നതിന് വിമുഖത കാണിക്കുന്നവർക്കും പ്രസ്തുത തുക നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വേഗതകൂട്ടുന്നതിനായി ജില്ലാകളക്ടർമാർക്ക് കണ്ടിജന്റ് ഫണ്ടായി ഒരു കോടി രൂപ മുൻകൂട്ടിത്തന്നെ അനുവദിക്കുന്നതിനും തഹസീൽദാർമാർക്കുകൂടി ഇത്തരം പ്രവർത്തനങ്ങൾക്ക് നേരിട്ട് ചെലവഴിക്കുന്ന വിധത്തിൽ ഒരു ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. കളക്ടറേറ്റ്-താലൂക്ക്-വില്ലേജ് ഓഫീസുകൾ ബന്ധിപ്പിച്ച് ഓൺലൈൻ സംവിധാനമേർപ്പെടുത്തി കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പുകൽപ്പിക്കാനും ഓഫീസ് സംവിധാനങ്ങൾ മെച്ചപ്പെടുത്താനും സാധിക്കണം. എൻ.ജി.ഒ. ക്വാർട്ടേഴ്സുകളിൽ അനധികൃതമായി താമസിക്കുന്നവരെ നീക്കംചെയ്ത് അർഹരായ ജീവനക്കാർക്ക് ഇവ നൽകുന്നതിന് അതാത് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകണം. ഓൺലൈൻ വഴി കരം

അടയ്ക്കൽ, പോക്കുവരവ്, റെവന്യൂ റിക്കവറി തുക എന്നിവ അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

<u>ശ്രീ. ബി. സത്യൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2013-14 സാമ്പത്തിക വർഷാവസാനം അപ്രഖ്യാപിത സാമ്പത്തിക അടിയന്തരാവസ്ഥയാണ് സംസ്ഥാനത്ത് നിലനിന്നിരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം നീക്കിവച്ച തുകയിൽ 75.72 ശതമാനം മാത്രമാണ് വിവിധ വകുപ്പുകൾ ചെലവഴിച്ചത്. ഗ്രാമവികസന വകുപ്പിന്റെ ധനവിനിയോഗം 30 ശതമാനമായി ചുരുങ്ങി. സംസ്ഥാനത്ത് കർശനമായ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തി. കരാറുകാർക്ക് കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക വരുത്തി. നിർമ്മാണ പ്രവർത്തനങ്ങളോ മരാമത്ത് പണികളോ നടക്കുന്നില്ല. വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ മുന്നോട്ടുപോകുന്നുവെന്ന പ്രചരണം മാത്രമാണ് ഉണ്ടായിട്ടുള്ളത്. ഭവനനിർമ്മാണ രംഗം താറുമാറായി. ഇ.എം.എസ്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി അട്ടിമറിച്ചു. മിഷൻ 676-ൽപ്പെടുത്തി ഒരു ഭവന നിർമ്മാണ പദ്ധതിപോലും ആവിഷ്ക്കരിക്കാൻ സർക്കാർ തയ്യാറായിട്ടില്ല. സീറോ ലാന്റ്ലെസ് പദ്ധതിപ്രകാരം ഭൂമി വിതരണം

ചെയ്യുന്നതിൽ ബോധപൂർവ്വമായ അപാകതകൾ സൃഷ്ടിച്ചിരിക്കുകയാണ്. വൻതോതിലുള്ള ഭൂമി തട്ടിപ്പ് നടത്തുന്നവർക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാൻ സർക്കാരിന് കഴിയുന്നില്ല. മിഷൻ 676-ൽപ്പെടുത്തി കടകംപള്ളിയിലെ 60-ഓളം വരുന്ന പാവപ്പെട്ടവരുടെ ഭൂനികുതി സ്വീകരിക്കാൻ നടപടിയുണ്ടാകണം. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കാവശ്യമായ പണം നൽകാൻ കഴിയുന്നില്ല.

<u>ശ്രീ. എ. എ. അസീസ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആർ.എസ്.പി.ക്ക് അർഹതപ്പെട്ട സീറ്റ് നിഷേധിക്കുകയും അപമാനിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി വിടാനുള്ള ധാർമ്മികമായ തീരുമാനം കൈക്കൊണ്ടത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ റവന്യൂ വകുപ്പ് നിരവധി ആധുനിക പരിഷ്ക്കാര നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. റവന്യൂ വകുപ്പ് നടത്തുന്ന റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണം. സുനാമി പുനരധിവാസ പദ്ധതിയിൻകീഴിൽ കൊല്ലത്ത് നിർമ്മിച്ച ഫ്ലാറ്റുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തണം. ചവറ്റ്

ഭൂപ്രദേശങ്ങളെ നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കി വീട് വയ്ക്കാനുള്ള അനുവാദം നൽകണം. അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും സമയബന്ധിതമായി പട്ടയം നൽകാൻ നടപടിയുണ്ടാകണം.

<u>ശ്രീ. ആർ. സെൽവരാജ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന ഭൂരഹിതരില്ലാത്ത കേരളം, ഭൂമി കേരളം പദ്ധതികൾ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. പുതിയ താലൂക്കുകളുടെ രൂപീകരണം, വില്ലേജുകളുടെ പുനർനിർണ്ണയം എന്നിവയെല്ലാം എടുത്തുപറയേണ്ട നേട്ടങ്ങളാണ്. വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണം. സംസ്ഥാനത്ത് ദുരന്ത നിവാരണ അതോറിറ്റി രൂപീകരിക്കണം. പ്രകൃതിക്ഷോഭങ്ങളിൽ കൃഷിനാശം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം സമയബന്ധിതമായി നൽകാൻ കൃഷി-റവന്യൂ വകുപ്പുകൾ അഭിപ്രായ സമന്വയം ഉണ്ടാക്കണം. കടൽക്ഷോഭവും പ്രകൃതിക്ഷോഭമായി അംഗീകരിച്ച് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിപ്പിക്കണം. കടൽഭിത്തി നിർമ്മിക്കാനും കടലാക്രമണങ്ങളിൽ വീടുകൾ തകരുന്ന മത്സ്യത്തൊഴിലാളികൾക്ക്

നഷ്ടപരിഹാരം നൽകാനുമുള്ള പദ്ധതികളെക്കുറിച്ച് ആലോചിക്കണം. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ ഈ സാമ്പത്തിക വർഷത്തിൽ നികുതി പിരിവിൽ ഗണ്യമായ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ സജീവമാക്കുകയും ഇ-ഡിക്ലറേഷൻ, എസ്.എം.എസ്. അലെർട്ട്, ഓൺലൈൻ സംവിധാനം എന്നിവ ഏർപ്പെടുത്തുകയും ചെയ്തു. അമരവിള ചെക്ക് പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റാക്കി മാറ്റിയതിനെത്തുടർന്ന് ദേശീയ പാതയിലെ ഗതാഗതകുരുക്കിന് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. ചെക്ക്പോസ്റ്റിൽ സ്ഥാപിച്ചിരിക്കുന്ന വെയിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കണം. നെയ്യാറ്റിൻകര താലൂക്കിൽ ലോട്ടറി ഓഫീസ് ആരംഭിക്കാൻ നടപടിയുണ്ടാകണം. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും ചെങ്കൽ സി.എച്ച്.സി.യിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കണം. സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ നിലവിലുള്ള നിയമം പരിഷ്ക്കരിക്കാനും ആവശ്യമായ പ്രവർത്തനമൂലധനം ലഭ്യമാക്കാനും നടപടിയുണ്ടാകണം. ഹൗസിംഗ് ബോർഡിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് സ്ഥിരം സെക്രട്ടറിയെ

നിയമിക്കണം.

ശ്രീ. പി. തിലോത്തമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ' 2015 ജനുവരി മാസം-1 'ഭൂരഹിതരില്ലാത്ത കേരള'മായി പ്രഖ്യാപിക്കാൻ കഴിയുമെന്ന് പറയുമ്പോഴും ആലപ്പുഴ ജില്ലയിൽ മഹാഭൂരിപക്ഷം ആളുകൾക്കും ഭൂമി ലഭ്യമായിട്ടില്ല, എന്നുമാത്രമല്ല ഭൂമി ലഭിച്ച ജനങ്ങൾക്ക് വാസയോഗ്യവുമല്ല. തിരുവനന്തപുരം, കൊച്ചി തുടങ്ങിയ പ്രധാനപ്പെട്ട സ്ഥലങ്ങളിലുള്ള ഭൂമി ക്ലബ്ബുകളുടേയും സാംസ്കാരിക സ്ഥാപനങ്ങളുടെയും റിസോർട്ടുകളുടെയും മറ്റും പേരിൽ പ്രമാണിമാർ കയ്യടക്കിയിരിക്കുന്നത് പിടിച്ചെടുത്ത് പാവപ്പെട്ട ജനങ്ങൾക്ക് വിതരണം ചെയ്യാൻ സർക്കാർ ആർജ്ജവം കാണിക്കണം. സിമന്റ്, കമ്പിയുൾപ്പെടെയുള്ള നിർമ്മാണ ഉരുപ്പടികൾക്ക് വില വർദ്ധിച്ചതുമൂലം നിർമ്മാണ മേഖല സ്തംഭിച്ചിരിക്കുകയാണ്. വരുമാന വർദ്ധനവിന് ആനുപാതികമായി ക്വാറി ഉടമകൾക്ക് അധിക നികുതി ചുമത്തിയിരിക്കുന്നതുമൂലം എം.സാന്റിനും മറ്റും അധിക വിലയാണ് ഈടാക്കുന്നത്. കോട്ടയത്തും മറ്റ് വിദൂര സ്ഥലങ്ങളിൽ നിന്നും ആലപ്പുഴ ജില്ലയിലേക്ക് കൊണ്ടുവരുന്ന നിർമ്മാണസാമഗ്രികൾ പോലീസ് നിയമവിരുദ്ധമായി തടഞ്ഞുവയ്ക്കുകയാണ്. കടൽ

തീരം കടൽക്ഷോഭം കൊണ്ടു നിലംപൊത്തുമ്പോൾ അവിടേക്ക് കൊണ്ടുവരുന്ന കരിങ്കല്ലും പോലീസ് അനധികൃതമായി പിടിച്ചിട്ടിരിക്കുകയാണ്. ഭവന നിർമ്മാണ മേഖലയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം ലഭിക്കുന്നില്ല. ഐ.എ.വൈ. ഉൾപ്പെടെയുള്ള ഭവന നിർമ്മാണ പദ്ധതികളും സ്തംഭിച്ചിരിക്കുകയാണ്. പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ ആളുകളെ മാറ്റി പാർപ്പിക്കാൻ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഫണ്ട് ഉപയോഗിച്ച് സ്ഥിരം സംവിധാനമുണ്ടാക്കണം. എല്ലാ രീതിയിലും ഈ സർക്കാർ പരാജയമാണെന്ന് പറയാതിരിക്കാൻ കഴിയില്ല.

<u>ശ്രീ. എം. ഉമ്മർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും ഭൂമി നൽകാനുള്ള ധീരമായ നടപടികളുമായി മുന്നോട്ടു പോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഭൂരഹിതരില്ലെന്ന് പ്രഖ്യാപനം നടത്താൻ കഴിഞ്ഞത് അഭിമാനകരമാണ്. മറ്റ് ജില്ലകളിലേയ്ക്കുകൂടി ഈ പദ്ധതി വ്യാപിപ്പിക്കാനും സംസ്ഥാനത്തെ എല്ലാ ജനങ്ങളും ഒരു തുണ്ട് ഭൂമിയുടെ ഉടമകളായി മാറാനും കഴിയണം. പുതുതായി പന്ത്രണ്ട് താലൂക്കുകൾ അനുവദിച്ചതുവഴി സാധാരണക്കാരായ

ജനങ്ങൾക്കും അധികാര കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ സാധിക്കുമെന്നത് പ്രശംസനീയമാണ്. വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള എല്ലാ സർക്കാർ ഓഫീസുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. വില്ലേജ് ഓഫീസുകൾക്ക് വാഹനങ്ങൾ നൽകാനും കളക്ടേറ്റുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും പിടിക്കപ്പെടുന്ന വാഹനങ്ങൾ ഉടൻ ഡിസ്പോസ് ചെയ്യാനും നടപടി സ്വീകരിക്കണം. പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതോടൊപ്പം മണൽ ഇറക്കുമതി ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ജനങ്ങൾക്കാവശ്യമായ മണൽ ലഭ്യമാക്കണം. റീ-സർവ്വേ പൂർത്തീകരിക്കുന്നതിനും ലാന്റ് അക്വിസിഷൻ ത്വരിതപ്പെടുത്തുന്നതിനും കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. നദികൾ സംരക്ഷിക്കുന്നതോടൊപ്പം നദിക്കരയിൽ താമസിക്കുന്നവർക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിന് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കണം. ഡി.ഡി.സി. മീറ്റിംഗുകൾ ഫലപ്രദമാക്കുകയും താലൂക്ക് വികസന സഭകളിൽ ജനപ്രാതിനിധ്യം ഉറപ്പാക്കുകയും വേണം.

ശ്രീ. സാജു പോൾ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭൂരഹിതരില്ലാത്ത

കേരളം, ശബരി റെയിൽ പാതയ്ക്ക് സ്ഥലം ഏറ്റെടുക്കൽ, പട്ടയ വിതരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഈ സർക്കാർ പരാജയപ്പെടുകയാണ്. ഇപ്പോൾ വരവും ചെലവും നിലച്ച അവസ്ഥയാണ്. ദുരന്ത നിവാരണം, റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം തുടങ്ങിയ മേഖലകളിൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. നികുതിവ്യവസ്ഥ യുക്തിസഹമാക്കാൻ സാധിച്ചിട്ടില്ല. നെല്ല് സംഭരിച്ച വകയിൽ 400 കോടിയോളം രൂപ കുടിശ്ശികയാണ്. കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശിക തുകയും കൊടുക്കുന്നില്ല.

ശ്രീ. വി. ഡി. സതീശൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിയുടെ ഫലമായി രാജ്യത്ത് നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്. വികസനകാര്യങ്ങൾക്കായി സംസ്ഥാനത്ത് ധാരാളം പണം അനുവദിക്കുന്നുണ്ട്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി റവന്യൂ ജില്ലാ തലങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള റിവ്യൂ മീറ്റിംഗുകൾ നടത്തണം. നികുതി വരുമാനം ലഭിക്കുന്ന എല്ലാ സെക്ടറുകളിലും പ്രത്യേക ടാർജറ്റ് നൽകി ഓരോ ക്വാർട്ടർ കഴിയുമ്പോഴും ഏതെങ്കിലും സെക്ടറിൽ വരുമാനം കുറഞ്ഞാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് വിശദീകരണം തേടുകയും

വരുമാനം കുറയുന്നതിന്റെ കാരണം കണ്ടുപിടിച്ച് വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യണം. ഭൂവിസ്തൃതി, ഭൂവിഭവങ്ങൾ തുടങ്ങിയവ സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ അടിസ്ഥാനമാക്കിയല്ലാതെ വികസന പദ്ധതികൾ ആസൂത്രണം ചെയ്യാനോ നടപ്പാക്കാനോ കഴിയുകയില്ല. കൃത്യമായ വിവരങ്ങളില്ലാത്തതിനാലാണ് ഭൂമി സംബന്ധിച്ച കേസുകൾ കോടതികളിൽ കെട്ടിക്കിടക്കുന്നത്. റീസർവ്വേ നടപടികൾ ആധുനിക സങ്കേതങ്ങളുപയോഗിച്ച് പൂർത്തിയാക്കാനും എല്ലാ സ്ഥലങ്ങളിലും കൃത്യമായ സർവ്വേ അദാലത്തുകൾ നടത്താനും ഗവൺമെന്റ് തയ്യാറാകണം. ക്രമരഹിതമായി പാട്ട ഭൂമി കൈവശമിരിക്കുന്നവരിൽനിന്ന് ഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഡിസാസ്റ്റർ മാനേജ്മെന്റ് കൂടുതൽ ശക്തമാക്കാനുള്ള തീരുമാനങ്ങളുണ്ടാകണം.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി അനുദിനം മോശമായിക്കൊണ്ടിരി ക്കുകയാണ്. നിലവിൽ വരവും ചെലവും തമ്മിൽ 7000 കോടി രൂപയുടെ വ്യത്യാസമാണുള്ളത്. പൊതുകടം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ദൈനംദിന ചെലവുകൾക്കുപോലും കടമെടുക്കേണ്ട സ്ഥിതിയാണ്. നികുതി പിരിവ് കാര്യക്ഷമമല്ല. കാർഷികാദായ

നികുതി വകുപ്പ് മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ പല വകുപ്പുകളിലും നികുതി നിർണ്ണയത്തിലെ പിഴവുമൂലം നികുതി വരുമാനം നഷ്ടപ്പെടുത്തിയതായി കണ്ടെത്തിയിരിക്കുന്നു. ചെക്ക് പോസ്റ്റുകൾ അഴിമതിയുടെ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. പ്രകൃതിദുരന്തത്തിന് നഷ്ടപരിഹാരമായി കേന്ദ്രത്തിൽനിന്ന് ലഭിച്ച തുക പോലും വിതരണം ചെയ്തിട്ടില്ല. അട്ടപ്പാടിയിലെ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാർ രൂപീകരിച്ച ഉദ്യോഗസ്ഥതല യൂണിറ്റ് ഒരു നടപടിയും പൂർത്തിയാക്കാതെ ഈ സർക്കാർ പിരിച്ചുവിട്ടിരിക്കുകയാണ്. കടകംപള്ളി ഭൂമിതട്ടിപ്പ് കേസിൽ പ്രതികളെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റത്തിലും രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയിലും നിന്ന് കേരളത്തെ രക്ഷപ്പെടുത്താൻ ശക്തമായ നിലപാട് സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഡ്ജറ്റിന്മേൽ നടന്ന ചർച്ചകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള വിമർശനങ്ങളെയും നിർദ്ദേശങ്ങളെയും സർക്കാർ ഗൗരവമായി കാണുന്നു. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാണെന്നും ട്രഷറി അടച്ചുപൂട്ടേണ്ടി വരുമെന്നുമുള്ള പ്രസ്താവനകൾ ശരിയല്ല. ട്രഷറിയിൽ ഇപ്പോൾ 1600 കോടിയോളം

രൂപ മിച്ചമുണ്ട്. 1125 കോടി രൂപയുടെ പെന്റിംഗ് ബില്ലുകൾ കൊടുത്തുതീർക്കാനുണ്ട്. ഗവൺമെന്റ് വായ്പ എടുക്കുന്നത് പ്ലാൻ റിസോഴ്സസിന്റെ ഭാഗമാണ്. ഇക്കണോമിക് സ്ലോ ഡൗണിന്റെ ഭാഗമായി റവന്യൂ ഗ്രോത്തിൽ കുറവുണ്ടായിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ ബിസിനസ് ടേൺ ഓവർ കുറഞ്ഞത് സംസ്ഥാനത്തിന്റെ വരുമാനത്തെ ബാധിച്ചിട്ടുണ്ട്. സാമ്പത്തിക മാന്ദ്യത്തെത്തുടർന്ന് മോട്ടോർ വാഹന വിൽപ്പന കുറഞ്ഞതിലൂടെ 611 കോടി രൂപയുടെയും അരിക്ക് ഏർപ്പെടുത്തിയിരുന്ന നികുതി നിർത്തലാക്കിയതിലൂടെ 100 കോടി രൂപയുടെയും റബ്ബറിന്റെ വിലയിടിവ് കാരണം മുൻവർഷത്തെ അപേക്ഷിച്ച് 22%-ന്റെയും വരുമാന നഷ്ടമുണ്ടായി. വർക്സ് കോൺട്രാക്ടിൽ നിന്നുള്ള നികുതി കുറഞ്ഞതും സ്വർണ്ണ വ്യാപാരികൾക്ക് നൽകിയ നികുതി സൗജന്യവും അവശ്യ സാധനങ്ങളുടെ നികുതി ഒരു ശതമാനമായി കുറച്ചതും നികുതി വരുമാനത്തിൽ കുറവുണ്ടാക്കി. വലിയ വ്യാപാരത്തിൽ നിന്ന് കുറഞ്ഞ ലാഭം കണക്കിൽ കാണിക്കുന്ന വ്യാപാരികളെ കണ്ടെത്തുന്നതിനും ക്രൈം ഫയലുകളിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിനും ഓഡിറ്റ് അസസ്മെന്റ് ഫസ്റ്റ് ക്വാർട്ടറിൽത്തന്നെ നടപ്പാക്കുന്നതിനും ഓഡിറ്റ് അസസ്മെന്റിനുവേണ്ടി ഫയലുകൾ ശാസ്ത്രീയമായി തരംതിരിക്കുന്നതിനും വലിയ തുകകൾ ഇൻവോൾവ് ചെയ്തിട്ടുള്ള അപ്പീൽ സ്റ്റേകൾ വെക്കേറ്റ് ചെയ്യിക്കുന്നതിനും ഇക്കണോമിക്

ഇന്റലിജൻസ് വിംഗ് കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിനും റിമാന്റഡ് കേസുകൾ വേഗത്തിൽ ഡിസ്പോസ് ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വെട്ടിപ്പിന് കൂടുതൽ സാധ്യതയുള്ള സ്റ്റീൽ, പ്ലൈവുഡ് എന്നിവയ്ക്ക് ഓൺലൈൻ ഡെലിവറി നോട്ട് നിർബന്ധമാക്കുകയും വാഹന പരിശോധന കർശനമാക്കുകയും വർക്ക്സ് കോൺട്രാക്ടിലെ ലൂപ്ഹോൾസ് പ്ലഗ്ഡ് ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും നികുതി സൗജന്യം ക്ലെയിം ചെയ്യുന്നവർ സ്റ്റാറ്റ്യൂട്ടറി ഫോം സമർപ്പിക്കണമെന്ന നിബന്ധന കർശനമാക്കണമെന്നും മേജർ ചെക്ക് പോസ്റ്റുകളിൽ ഇടയ്ക്കിടെ ഫിസിക്കൽ വെരിഫിക്കേഷൻ നടത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓൺലൈൻ വ്യാപാരം സൂക്ഷ്മമായി പരിശോധിക്കും. പാസഞ്ചർ വാഹനത്തിലൂടെയും റെയിൽ മാർഗ്ഗിലൂടെയുമുള്ള ചരക്ക് കടത്ത് കർശനമായി തടയും. ഫോറം 16 വാങ്ങലുകൾ ഇൻസ്പെക്ഷൻ വിംഗിന്റെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കും. റിട്ടേൺ നൽകുന്നതിൽ വീഴ്ച വരുത്തുന്നവരുടെ വാഹനങ്ങൾ ചെക്ക് പോസ്റ്റുകളിൽ തടയും. ചെക്ക് പോസ്റ്റുകളിൽ നിന്ന് അഡ്വാൻസ് ടാക്സായി 976 കോടി രൂപയും സെക്യൂരിറ്റി ഡെപ്പോസിറ്റായി 45 കോടി രൂപയും ലഭിച്ചിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റിൽ വാഹന നമ്പർ പ്ലേറ്റും വേയിംഗ് ബ്രിഡ്ജുകളിലൂടെ ലഭ്യമാകുന്ന തൂക്കവും രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു.

ചെക്ക്പോസ്റ്റുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഓഫീസുകളുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണ നടപടികൾ ത്വരിതഗതിയിലാണ്. അമരവിളയിൽ സംയോജിത ചെക്ക് പോസ്റ്റ് ആരംഭിക്കുകയും മഞ്ചേശ്വരത്ത് ഇതിനായി ഒമ്പതേക്കർ സ്ഥലം ഏറ്റെടുക്കുകയും വാളയാറിൽ സ്ഥലം ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആര്യങ്കാവിൽ സ്ഥലം ലഭ്യമായിട്ടില്ല. വഴിക്കടവിൽ എൽ.എ. നടപടികൾ ആരംഭിച്ചു. വാളയാറിൽ മൂന്നും ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം, നടുപ്പുണി, കൂട്ടുപുഴ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ രണ്ടുവീതവും വേയിംഗ് ബ്രിഡ്ജുകൾ സ്ഥാപിച്ചു. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ച് ആക്ഷൻ പ്ലാൻ രൂപീകരിക്കുകയും കളക്ടുബിൾ ബാലൻസിന്റെ 50%-മെങ്കിലും വേഗത്തിൽ പിരിച്ചെടുക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തു. എക്സ്പെൻഡിച്ചർ കമ്മിറ്റിയുടെ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി ഗിഫ്റ്റ് തയ്യാറാക്കിയ സ്റ്റഡി റിപ്പോർട്ട് അനുസരിച്ചുള്ള നിർദ്ദേശങ്ങൾ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് നൽകിയിട്ടുണ്ട്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2011-ലെ നയപ്രഖ്യാപനത്തിൽപ്പറഞ്ഞ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയനുസരിച്ച് ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞത് റവന്യൂ വകുപ്പിനെ സംബന്ധിച്ച് അഭിമാനകരമായ നേട്ടമാണ്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാനുള്ള സമയപരിധി 2014 മാർച്ച് 31 വരെ ദീർഘിപ്പിച്ചതിനെത്തുടർന്ന് പുതിയതായി ലഭിച്ച അപേക്ഷകളുടെ പരിശോധന പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഒന്നാംഘട്ടമായി കണ്ണൂർ, കാസർഗോഡ് ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിന് പതിനായിരം ഏക്കർ ഭൂമികൂടി കണ്ടേത്തേണ്ടതുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സാമൂഹ്യ സംഘടനകളുടെയും സഹകരണവും കോടതിയുടെ നീതിയുക്തമായ തീരുമാനവും പ്രതീക്ഷിക്കുന്നു. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് ഭൂമി വിട്ടുതരാൻ തയ്യാറായവരെ അഭിനന്ദിക്കുന്നു. ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി യഥാക്രമം 256, 11133, 10271 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 73 പേർക്കും ഭൂമി കൊടുത്തിട്ടുണ്ട്. ഈ സർക്കാർ

അധികാരമേറ്റശേഷം 109397 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് സംവിധാനം എല്ലാ ജില്ലകളിലും നടപ്പാക്കുകയും 6594988 സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വില്ലേജ് ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതാണ്. സർട്ടിഫിക്കറ്റ് അറ്റ് ഹോം എന്ന പദ്ധതി നടപ്പാക്കുന്നതാണ്. മിഷൻ 676 -ന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഇ-പേമെന്റ് സംവിധാനം നടപ്പാക്കുന്നതാണ്. നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പ്രോജക്ടിൽ കേരളത്തെ ഉൾപ്പെടുത്താൻ അപേക്ഷ നൽകുകയും വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് യു.പി.എ. സർക്കാർ 133 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം പ്രകൃതിക്ഷോഭമുണ്ടാകുന്ന സന്ദർഭങ്ങളിൽ തീരപ്രദേശങ്ങളിലുള്ളവരെ മാറ്റിപാർപ്പിക്കാനുള്ള കെട്ടിടങ്ങളും 500 മീറ്റർ ചുറ്റളവിൽ ഗുണനിലവാരമുള്ള റോഡും നിർമ്മിക്കാൻ കഴിയും. ഔട്ട് സോഴ്സ് ചെയ്ത് റീസർവ്വേ പൂർത്തീകരിക്കുന്നതിന് സഭയുടെ പൊതുവികാരമുണ്ടാകണം. എല്ലാ ജില്ലകളിലും സ്മാർട്ട് വില്ലേജുകൾ ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടനിർമ്മാണം നടത്തിക്കൊണ്ടിരിക്കുകയാണ്. സ്വന്തമായി സ്ഥലം കണ്ടെത്തുന്ന ജില്ലകളിൽ 16

സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണപ്രവർത്തനം കൂടി ആരംഭിക്കുന്നതാണ്. ജി.പി.എസ്., ഇ.റ്റി.എസ്. സംവിധാനം ഉപയോഗിച്ച് സർവ്വേ നടത്തുന്നതിന് പരിശീലനം നൽകുന്നതിനായി മോഡേൺ സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ പേരൂർക്കടയിൽ ആരംഭിക്കുന്നതാണ്. 13 കോടി രൂപ ചെലവഴിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് തിരുവനന്തപുരത്ത് ആസ്ഥാന മന്ദിരം സ്ഥാപിക്കുന്നതാണ്. പരാതികൾ പരിഹരിക്കുന്നതിനായി ജില്ലകൾതോറും അദാലത്തുകൾ സംഘടിപ്പിക്കുന്നതാണ്. ലീസിന് കൊടുത്തിട്ടുള്ള ഭൂമിയിൽ നിന്ന് നിശ്ചിത ശതമാനം ഭൂമിയും പാട്ടകാലാവധി കഴിഞ്ഞ ഭൂമിയും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കുവേണ്ടി തിരിച്ചെടുക്കുന്നതാണ്. പുതിയ ലാന്റ് അക്വിസിഷൻ ആക്ട് വന്നതിന്റെയടിസ്ഥാനത്തിൽ റൂൾ ഫ്രെയിം ചെയ്യാനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്. കയ്പമംഗലം നിയോജകമണ്ഡലത്തിൽ ഐ.റ്റി.ഐ.യ്ക്ക് അനുവദിച്ച ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. സർക്കാരിന് ലഭിക്കേണ്ട ഭൂമി എവിടെയുണ്ടെങ്കിലും അത് കണ്ടെത്താൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്വന്തഇഷ്ടപ്രകാരമല്ലാതെ

ഒരാൾക്കും മറ്റൊരു ജില്ലയിൽ ഭൂമി നൽകാൻ നിർദ്ദേശം നൽകിയിട്ടില്ല. കാസർഗോഡ് ജില്ലയിൽ അപേക്ഷ സമർപ്പിച്ച എല്ലാ ആളുകൾക്കും ഭൂമി കൊടുക്കാനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കടകംപള്ളി പഞ്ചായത്തിൽ സർവ്വേനമ്പർ 19 -ൽപ്പെട്ട 45.54 ഏക്കർ ഭൂമിയൊഴികെ ബാക്കിയുള്ള ഭൂമിയുടെ കരം സ്വീകരിക്കാനുള്ള നടപടി എടുത്തിട്ടുണ്ട്. ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട് റൂൾ ഫ്രെയിം ചെയ്യുന്നതിനുമുമ്പുതന്നെ ഏതുവിധത്തിൽ ഭൂമിയേറ്റെടുക്കണമെന്നതുസംബന്ധിച്ച് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അനധികൃതമായി എൻ.ജി.ഒ. ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവരെ ഒഴിപ്പിക്കുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): റബ്ബർ സംഭരണത്തിന് തുക വകയിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സാമ്പത്തികബുദ്ധിമുട്ടുകളുണ്ടെങ്കിലും റബ്ബർകർഷകരുടെ പ്രശ്നങ്ങൾ കണക്കിലെടുത്ത് റബ്ബർ സംഭരണത്തിനാവശ്യമായ പണം കണ്ടെത്തുന്നതിന്

നടപടി സ്വീകരിക്കുന്നതാണ്.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

കാർഷികാദായ നികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും 64- നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 05.30-ന് പിരിഞ്ഞു.

***************